# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3913** **19.03.2018 ലെ മറുപടിയ്ക്ക്**

**എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യത**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ | | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾക്കുള്ള തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കുള്ള തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ വിവിധോന്മുഖങ്ങളായ പദ്ധതികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടത്തി വരുന്നു. ദേശീയ അന്തർദേശീയ തലങ്ങളിലെ മുൻനിര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടും വ്യവസായ സംരംഭങ്ങളോടും സഹകരിച്ച് ഹ്രസ്വകാല ഇന്റേൺഷിപ്പ് സംഘടിപ്പിക്കുന്നുണ്ട്. ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ, സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മ വർദ്ധന പരിപാടി (ടെക്വിപ്പ്), അധിക വിദഗ്ധ കഴിവ് പരിശീലനം (അസാപ്), കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് ബിസിനസ് ഇൻക്യൂബേഷൻ സെന്റർ മുതലായ പദ്ധതികൾ വിദ്യാർത്ഥികളിലെ സ്വയം തൊഴിൽ സംരംഭകത്വവും തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളവയാണ്.<br>വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്ന തരത്തിൽ curriculum രൂപീകരിക്കുകയും പഠനത്തിന്റെ ഭാഗമായി തന്നെ തൊഴിൽ മേഖലയുമായി പരിചയപ്പെടുന്നതിന് summer internship നടപ്പിലാക്കുകയും സംരംഭകത്വം വളർത്തുന്നതിനായി സ്റ്റാർട്ട് അപ്പ് നയം രൂപീകരിക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ കേരള സാങ്കേതിക സർവ്വകലാശാല മുഖാന്തിരം നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ